**മധുരമായ കുട്ടികളേ - ബാബ എന്താണോ, എങ്ങനെയാണോ അതുപോലെ ബാബയെ യഥാർത്ഥ രീതിയിൽ അറിഞ്ഞ് ഓർമ്മിക്കുക, ഇതാണ് മുഖ്യമായ കാര്യം, മനുഷ്യർക്ക് ഈ കാര്യങ്ങൾ വളരെ യുക്തിപൂർവ്വം മനസ്സിലാക്കിക്കൊടുക്കണം.**

**ചോദ്യം-** മുഴുവൻ വിശ്വത്തിനുവേണ്ടിയുള്ളതും, എന്നാൽ നിങ്ങൾക്ക് ഇവിടെ നിന്നുമാത്രം ലഭിക്കുന്നതുമായ പഠിപ്പ് ഏതാണ്?
**ഉത്തരം-** മുഴുവൻ വിശ്വത്തിനും വേണ്ടിയുള്ള പഠിപ്പ് ഇതാണ് അതായത് നിങ്ങൾ എല്ലാവരും ആത്മാക്കളാണ്. ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു എങ്കിൽ പാവനമായി മാറും. മുഴുവൻ വിശ്വത്തിന്റേയും പിതാവ് ആരാണോ അവർ ഒരേയൊരു തവണയാണ് എല്ലാവരേയും പാവനമാക്കി മാറ്റാൻ വരുന്നത്. ബാബ തന്നെയാണ് രചനയുടേയും രചയിതാവിന്റേയും ജ്ഞാനം നൽകുന്നത് അതിനാൽ വാസ്തവത്തിൽ ഈ ഒരേയൊരു യൂണിവേഴ്സിറ്റിയേയുള്ളു, ഈ കാര്യം കുട്ടികൾ സ്പഷ്ടമായി മനസ്സിലാക്കിക്കൊടുക്കണം.

**ഓം ശാന്തി**. ഭഗവാനുവാചാ- ഭഗവാൻ ആരാണ് എന്നത് ഇപ്പോൾ ആത്മീയ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ഭാരതത്തിലെ ആർക്കും യഥാർത്ഥ രീതിയിൽ അറിയില്ല. പറയുന്നു - ഞാൻ എന്താണോ, എങ്ങനെയാണോ അതുപോലെ എന്നെ യഥാർത്ഥ രീതിയിൽ ആർക്കും അറിയില്ല. നിങ്ങളും നമ്പർവൈസാണ്. നമ്പർവൈസ് പുരുഷാർത്ഥരനുസരിച്ച് തിരിച്ചറിയുന്നു. തീർച്ചയായും ഇവിടെ ഇരിക്കുന്നുണ്ട് എന്നാൽ യഥാർത്ഥ രീതിയിൽ അറിയുന്നില്ല. യഥാർത്ഥ രീതിയിൽ അറിഞ്ഞ് ബാബയെ ഓർമ്മിക്കുക, ഇത് വളരെ ബുദ്ധിമുട്ടാണ്. കുട്ടികൾ വളരെ സഹജമാണ് എന്ന് പറയാറുണ്ട് എന്നാൽ ഞാൻ എന്താണെന്ന് മനസ്സിലാക്കി, എനിക്ക് നിരന്തരം ബാബയെ ഓർമ്മിക്കണം എന്ന യുക്തി ബുദ്ധിയിലുണ്ടാകണം. ഞാൻ ആത്മാവ് വളരെ ചെറുതാണ്. എന്റെ ബാബയും ചെറിയ ബിന്ദുവാണ്. അരക്കൽപം ആരും ഭഗവാന്റെ പേരുപോലും പറയില്ല. അല്ലയോ ഭഗവാനേ.. എന്ന് ദുഃഖത്തിലാണ് ഓർമ്മിക്കുന്നത്. ഇപ്പോൾ ഭഗവാൻ ആരാണ് എന്നത് ഒരു മനുഷ്യനും അറിയുന്നില്ല. അതുകൊണ്ട് മനുഷ്യർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കും- ഇതിൽ വിചാര സാഗര മഥനം ചെയ്യണം. പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയം എന്ന് പേരും എഴുതിയിട്ടുണ്ട്. ഇതിൽ നിന്നുപോലും ഇത് പരിധിയില്ലാത്ത ആത്മീയ അച്ഛന്റെ ഈശ്വരീയ വിശ്വവിദ്യാലയമാണ് എന്ന് മനസ്സിലാക്കുന്നില്ല. മനുഷ്യൻ പെട്ടെന്ന് മനസ്സിലാക്കാൻ ഇപ്പോൾ എന്ത് പേരുവെയ്ക്കും? ഇത് യൂണിവേഴ്സിറ്റിയാണ് എന്നത് എങ്ങനെ മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കും? യൂണിവേഴ്സ് എന്നതിൽ നിന്നാണ് യൂണിവേഴ്സിറ്റി എന്ന വാക്ക് വന്നത്. യൂണിവേഴ്സ് അർത്ഥം മുഴുവൻ വിശ്വം, അതിന്റെ പേര് വെച്ചിരിക്കുന്നു-യൂണിവേഴ്സിറ്റി, ഇതിൽ എല്ലാ മനുഷ്യർക്കും പഠിക്കാൻ സാധിക്കും. മുഴുവൻ ലോകത്തിനും പഠിക്കാൻ വേണ്ടിയാണ് യൂണിവേഴ്സിറ്റി. യൂണിവേഴ്സിന് പഠിക്കാനാണ് യൂണിവേഴ്സിറ്റി. ഇപ്പോൾ യൂണിവേഴ്സിനുവേണ്ടി ഒരേയൊരു ബാബയാണ് വരുന്നത്, ബാബയുടെ യൂണിവേഴ്സിറ്റി ഇതൊന്നേയുള്ളു. മുഖ്യ ലക്ഷ്യവും ഒന്നേയുള്ളൂ. ബാബ തന്നെയാണ് വന്ന് മുഴുവൻ വിശ്വത്തേയും പാവനമാക്കി മാറ്റുന്നത്, യോഗം പഠിപ്പിക്കുന്നത്. ഇത് സർവ്വ ധർമ്മത്തിലുള്ളവർക്കും വേണ്ടിയുള്ളതാണ്. പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, മുഴുവൻ ലോകത്തിന്റേയും പിതാവാണ്- ഇൻകോർപ്പേറിയൽ (നിരാകാരൻ) ഗോഡ് ഫാദർ. അതിനാൽ എന്തുകൊണ്ട് ഇതിന്റെ പേര് സ്പിരിച്വൽ യൂണിവേഴ്സിറ്റി ഓഫ് സ്പിരിച്വൽ ഇൻകോർപ്പേറിയൽ ഗോഡ് ഫാദർ എന്ന് വെച്ചുകൂടാ. ചിന്തിക്കാവുന്നതല്ലേ. മനുഷ്യർ ഇങ്ങനെയാണ്, മുഴുവൻ ലോകത്തിലും ഒരാൾക്കുപോലും ബാബയെ അറിയില്ല. രചയിതാവിനെ അറിഞ്ഞാൽ രചനയേയും അറിയും. രചയിതാവിലൂടെയേ രചനയെ അറിയാൻ സാധിക്കൂ. ബാബ കുട്ടികൾക്ക് എല്ലാം മനസ്സിലാക്കിത്തരും. മറ്റാർക്കുമറിയില്ല. ഋഷി മുനിമാരും ഇതല്ല ഇതല്ല എന്നാണ് പറഞ്ഞത്. അതിനാൽ ബാബ പറയുന്നു, നിങ്ങൾക്ക് ആദ്യം ഈ രചയിതാവിന്റേയും രചനയുടേയും ജ്ഞാനമുണ്ടായിരുന്നില്ല. ഇപ്പോഴാണ് രചയിതാവ് മനസ്സിലാക്കിത്തന്നത്. ബാബ പറയുന്നു, വന്ന് ഞങ്ങൾക്ക് സുഖവും ശാന്തിയും നൽകൂ എന്ന് പറഞ്ഞ് എല്ലാവരും എന്നെ വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ഇപ്പോൾ ദുഃഖവും അശാന്തിയുമാണ്. ബാബയുടെ പേരുതന്നെ ദുഃഖ ഹർത്താവ് -സുഖ കർത്താവ് എന്നാണ്. ഇത് ആരാണ്? ഭഗവാൻ. ബാബ എങ്ങനെയാണ് ദുഃഖത്തെ ഇല്ലാതാക്കി സുഖം നൽകുന്നത്, എന്നത് ആർക്കും അറിയില്ല. അതിനാൽ ഇത്രയും വ്യക്തമായി എഴുതൂ, അതിലൂടെ നിരാകാരനായ ഗോഡ് ഫാദറാണ് ഈ ജ്ഞാനം നൽകുന്നത് എന്നത് മനുഷ്യർ മനസ്സിലാക്കണം. ഇങ്ങനെ ഇങ്ങനെ വിചാരസാഗര മഥനം ചെയ്യണം. ബാബ പറയുന്നു മനുഷ്യർ എല്ലാവരും കല്ലുബുദ്ധികളാണ്. ഇപ്പോൾ നിങ്ങളെ പവിഴബുദ്ധിയാക്കുകയാണ്. ആർക്കാണോ 50ന് മുകളിൽ മാർക്കുള്ളത് അവരെയാണ് വാസ്തവത്തിൽ പവിഴബുദ്ധി എന്നു പറയു

ന്നത്. തോറ്റുപോകുന്നവർ പവിഴബുദ്ധികളല്ല. രാമനും കുറഞ്ഞ മാർക്കാണ് വാങ്ങിച്ചതിനാലാണ് ക്ഷത്രിയനായി കാണിക്കുന്നത്. രാമന് ബാണം എന്തിനാണ് നൽകിയത് എന്നത് മനുഷ്യർ മനസ്സിലാക്കുന്നില്ല. ശ്രീകൃഷ്ണന് സ്വദർശന ചക്രം കാണിച്ചിരിക്കുന്നു അതായത് കൃഷ്ണൻ എല്ലാവരേയും കൊന്നു അതുപോലെ രാമന് ബാണവും നൽകിയിരിക്കുന്നു. ഒരു പ്രധാനപ്പെട്ട മാസിക ഇറങ്ങുന്നുണ്ട് അതിൽ എങ്ങനെയാണ് കൃഷ്ണൻ അകാസുരനേയും, ബകാസുരനേയും കൊന്നത് എന്ന് കാണിച്ചിരിക്കുന്നു. രണ്ടുപേരെയും ഹിംസകരാക്കി മാറ്റിയിരിക്കുന്നു പിന്നെ ഡബിൾ ഹിംസകരാക്കി മാറ്റിയിരിക്കുന്നു. അവർക്കും കുട്ടികൾ ജനിച്ചിരുന്നല്ലോ എന്ന് ചോദിക്കുന്നു. അല്ല, അവർ നിർവ്വികാരീ ദേവീദേവതകളാണ്. അവിടെ രാവണരാജ്യമേയില്ല. ഈ സമയത്തെയാണ് രാവണ സമ്പ്രദായം എന്നു പറയുന്നത്.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ യോഗബലത്തിലൂടെ വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടുകയാണ്, എങ്കിൽ എന്താ യോഗബലത്തിലൂടെ കുഞ്ഞിന് ജന്മം നൽകാൻ സാധിക്കില്ലേ. അത് നിർവ്വികാരി ലോകമാണ്. ഇപ്പോൾ നിങ്ങൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി മാറുകയാണ്. മനുഷ്യർ ഇവരുടെ പക്കൽ പൂർണ്ണ ജ്ഞാനമുണ്ട് എന്ന് കരുതത്തക്ക വിധത്തിൽ ഇങ്ങനെ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. അൽപമെങ്കിലും ഇത് മനസ്സിലാക്കിയാൽ ഇവർ ബ്രാഹ്മണ കുലത്തിലേതാണ് എന്ന് മനസ്സിലാക്കാം. ചിലരെ പെട്ടെന്ന് തന്നെ ഇവർ ബ്രാഹ്മണകുലത്തിലേതല്ല – എന്ന് അറിയാൻ സാധിക്കും. അനേക പ്രകാരത്തിലുള്ളവർ വരുന്നുണ്ടല്ലോ. അതിനാൽ നിങ്ങൾ സ്പിരിചൽ യൂണിവേഴ്സിറ്റി ഓഫ് സ്പിരിചൽ ഇൻകോർപ്പേറിയൽ ഗോഡ് ഫാദർ എന്ന് എഴുതിയിട്ട് എന്താണ് സംഭവിക്കുന്നത് എന്ന് നോക്കൂ. വിചാര സാഗരമഥനം ചെയ്ത് വാക്കുകൾ കണ്ടെത്തണം, ഇത് എഴുതാൻ വളരെ അധികം യുക്തി വേണം. ഇവിടെ ഈ ജ്ഞാനം മനസ്സിലാക്കിത്തരുന്നത് അഥവാ രാജയോഗം പഠിപ്പിച്ചുതരുന്നത് ഗോഡ്ഫാദറാണ് എന്നത് മനുഷ്യർ മനസ്സിലാക്കണം. ഈ വാക്കും സാധാരണമാണ്. ദൈവീക രാജധാനിയിലേക്കുള്ള ജീവന്മുക്തി സെക്കന്റിലാണ് ലഭിക്കുന്നത്. മനുഷ്യരുടെ ബുദ്ധിയിൽ നിൽക്കുന്ന തരത്തിലുള്ള വാക്കുകളായിരിക്കണം. ബ്രഹ്മാവിലൂടെ വിഷ്ണുപുരിയുടെ സ്ഥാപനയുണ്ടാവുകയാണ്. മന്മനാഭവയുടെ അർത്ഥം ഇതാണ്– ബാബയേയും, സമ്പത്തിനേയും ഓർമ്മിക്കൂ.... നിങ്ങൾ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണകുല ഭൂഷണരാണ്, സ്വദർശന ചക്രധാരികളാണ്. ഇപ്പോൾ അവർ സ്വദർശന ചക്രം വിഷ്ണുവിനാണ് നൽകിയിരിക്കുന്നത്. കൃഷ്ണനും 4 കൈകൾ കാണിക്കുന്നു. ഇപ്പോൾ അവർക്ക് എങ്ങനെ 4 കൈകൾ ഉണ്ടാകും? ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. കുട്ടികൾ വിശാലബുദ്ധിയുള്ളവരും, പവിഴബുദ്ധിയുമായി മാറണം. സത്യയുഗത്തിൽ എങ്ങനെയാണോ രാജാവും റാണിയും അതുപോലെ പ്രജകളും പവിഴബുദ്ധികളാണ് എന്നല്ലേ പറയുക. അത് പവിഴത്തിന്റെ ലോകമാണ്, ഇത് കല്ലിന്റേയും. നിങ്ങൾക്ക് ഈ ജ്ഞാനം ലഭിക്കുന്നത് മനുഷ്യനിൽ നിന്നും ദേവതയാകാനാണ്. നിങ്ങൾ ശ്രീമതത്തിലൂടെ വീണ്ടും നിങ്ങളുടെ രാജ്യം സ്ഥാപിക്കുകയാണ്. ബാബ നമുക്ക് യുക്തി പറഞ്ഞുതരികയാണ് അതായത് എങ്ങനെ രാജാവും മഹാരാജാവും ആവാൻ സാധിക്കും? മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനായി നിങ്ങളുടെ ബുദ്ധിയിൽ ഈ ജ്ഞാനം നിറയുന്നു. ചക്രം ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കുന്നതും വളരെ സഹജമാണ്. നോക്കൂ ഈ സമയത്തെ ജനസംഖ്യ എത്രയാണെന്ന്! സത്യയുഗത്തിൽ എത്ര കുറവായിരിക്കും. സംഗമം ഉണ്ടല്ലോ. ബ്രാഹ്മണർ കുറച്ചല്ലേ ഉണ്ടാകൂ. ബ്രാഹ്മണരുടെ യുഗം തന്നെ ചെറുതാണ്. ബ്രാഹ്മണർക്കുശേഷമാണ് ദേവതകൾ. പിന്നീട് വൃദ്ധി ഉണ്ടാകുന്നു. കരണംമറിച്ചിലിന്റെ കളിയല്ലേ. അതിനാൽ ഏണിപ്പടിയോടൊപ്പം വിരാടരൂപത്തിന്റെ ചിത്രമുണ്ടെങ്കിൽ മനസ്സിലാക്കിക്കൊടുക്കുന്നത് സഹജമാകും. നിങ്ങളുടെ കുലത്തിലുള്ളവരുടെ ബുദ്ധിയിൽ രചയിതാവിന്റേയും, രചനയുടേയും ജ്ഞാനം സഹജമായും ഇരിക്കും. അവരുടെ മുഖഭാവത്തിലൂടെ തന്നെ മനസ്സിലാക്കാൻ സാധിക്കും അവർ നമ്മുടെ കുലത്തിലേതാണോ അതോ അല്ലയോ എന്ന്. അഥവാ അല്ലെങ്കിൽ ഇരുമ്പുചട്ടി പോലെയായിരിക്കും കേൾക്കുക. വിവേകശാലികളാണെങ്കിൽ ശ്രദ്ധയോടെ കേൾക്കും. ഒരു തവണ ഒരാളുടെ ലക്ഷ്യത്തിൽ അമ്പ് കൊണ്ടാൽ പിന്നെ അവർ വന്നുകൊണ്ടിരിക്കും. ചിലർ ചോദ്യം ചോദിക്കും, വേറെ ചിലർ നല്ല പുഷ്പമാണെങ്കിൽ ദിവസവും സ്വതവേ വന്ന് മുഴുവനും മനസ്സിലാക്കിയിട്ട് പോകും. ചിത്രങ്ങളിലൂടെ ആർക്കും മനസ്സിലാക്കാം. ഇവിടെ ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ബാബ ചെയ്യുകയാണ്. ചിലർ ചോദിക്കാതെ തന്നെ സ്വയം മനസ്സിലാക്കും. ചിലർ ഒരുപാട് ചോദിക്കും, ഒന്നും മനസ്സിലാക്കില്ല. വീണ്ടും മനസ്സിലാക്കിക്കൊടുക്കണം, ബഹളമുണ്ടാക്കരുത്. പിന്നീട് പറയും ഈശ്വരൻ നിങ്ങളുടെ രക്ഷപോലും ചെയ്യുന്നില്ല! ഇപ്പോൾ ഭഗവാൻ എന്ത് രക്ഷയാണ് ചെയ്യുന്നത് എന്ന് നിങ്ങൾക്കറിയാം. കർമ്മങ്ങളുടെ കണക്കുകൾ എല്ലാവർക്കും ഇല്ലാതാക്കണം. ഇങ്ങനെ ഒരുപാടുപേരുണ്ട്, ആരോഗ്യം മോശമായാൽ രക്ഷിക്കൂ എന്ന് പറയും. ബാബ പറയുന്നു, ഞാൻ വരുന്നത് പതിതത്തിൽ നിന്നും പാവനമാക്കാനാണ്. ഈ ജോലി നിങ്ങളും പഠിക്കൂ. ബാബ 5 വികാരങ്ങളുടെമേൽ വിജയം നേടിത്തരുകയാണ് അതിനാൽ അവ ഇതിലും ശക്തിയിൽ നിങ്ങളെ നേരിടും. വികാരത്തിന്റെ കൊടുങ്കാറ്റ് വളരെ ശക്തിയോടെ വരും. ബാബ പറയുന്നു ബാബയുടേതായി

മാറുന്നതിലൂടെ ഈ അസുഖങ്ങൾക്കെല്ലാം ശക്തികൂടും. കൊടുങ്കാറ്റ് ശക്തിയോടെ വരും. പൂർണ്ണമായും ബോക്സിങ്ങാണ്. നല്ല നല്ല യോദ്ധാക്കളേയും തോൽപ്പിക്കും. പറയുന്നു- ആഗ്രഹിക്കാതെതന്നെ കുദൃഷ്ടി ഉണ്ടാകുന്നു, രജിസ്റ്റർ മോശമാകും. കുദൃഷ്ടിയുള്ളവരോട് സംസാരിക്കരുത്. ബാബ എല്ലാ സെന്ററിലുമുള്ള കുട്ടികൾക്കും മനസ്സിലാക്കിത്തരുകയാണ് അതായത് കുദൃഷ്ടിയുള്ളവർ ഒരുപാടുപേരുണ്ട്, പേര് എടുത്തുപറഞ്ഞാൽ കൂടുതൽ കുലദ്രോഹികളാവും. തന്റെ നാശം ചെയ്യുന്നവർ തെറ്റായ കാര്യങ്ങൾ ചെയ്യാൻ തുടങ്ങും. കാമ വികാരം മൂക്കിന് പിടിക്കും. മായ വിടുന്നില്ല, കർമ്മവും ദൃഷ്ടിയും വാക്കുകളും എല്ലാം മോശമായതാണ് ഉണ്ടാവുക അതിനാൽ വളരെ വളരെ ശ്രദ്ധ വെയ്ക്കണം.

നിങ്ങൾ കുട്ടികൾ പ്രദർശിനികൾ വെക്കുമ്പോൾ ആർക്കും സഹജമായി മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള യുക്തികൾ രചിക്കൂ. ഈ ഗീതാജ്ഞാനം സ്വയം ബാബ പഠിപ്പിക്കുന്നതാണ്, ഇതിൽ ശാസ്ത്രങ്ങളുടെ ഒരു കാര്യവുമില്ല. ഇത് പഠിപ്പാണ്. ഗീതയുടെ പുസ്തകം ഇവിടെയില്ല. ബാബ പഠിപ്പിക്കുന്നു. പുസ്തകം കയ്യിൽ എടുക്കുന്നുണ്ടോ. പിന്നെ ഈ ഗീതയെന്ന പേര് എവിടെ നിന്നുവന്നു? ഈ മുഴുവൻ ധർമ്മശാസ്ത്രങ്ങളും ഉണ്ടാകുന്നത് ഇതിനുശേഷമാണ്. ധാരാളം മഠങ്ങളും ആശ്രമങ്ങളുമുണ്ട്. എല്ലാവർക്കും അവരവരുടെ ശാസ്ത്രങ്ങളുണ്ട്. കൊമ്പും ചില്ലകളും പോലെ എന്തെല്ലാമുണ്ടോ, ചെറിയ ചെറിയ മഠങ്ങളും ആശ്രമങ്ങളും, അവർക്കുപോലും സ്വന്തമായി ശാസ്ത്രങ്ങളുണ്ട്. അതുകൊണ്ട് അതെല്ലാം കുട്ടികളാണ്. അതിൽ നിന്നും മുക്തി ലഭിക്കില്ല. സർവ്വശാസ്ത്രങ്ങളുടേയും ശിരോമണിയും മാതാവുമാകുന്നത് ഗീതയാണ് എന്ന് പാടപ്പെട്ടിട്ടുണ്ട്. ഗീതാജ്ഞാനം കേൾപ്പിക്കാനും ഒരാൾ ഉണ്ടാകുമല്ലോ. അതിനാൽ ഈ ജ്ഞാനം ബാബയാണ് വന്ന് കേൾപ്പിക്കുന്നത്. ഏതെങ്കിലും ശാസ്ത്രം കൈയ്യിലുണ്ടോ. ഞാൻ ശാസ്ത്രം പഠിച്ചിട്ടില്ല, നിങ്ങളേയും പഠിപ്പിക്കുന്നില്ല. അവർ പഠിക്കുന്നുണ്ട്, പഠിപ്പിക്കുന്നുമുണ്ട്. ഇവിടെ ശാസ്ത്രങ്ങളുടെ കാര്യമില്ല. ബാബ ജ്ഞാനസാഗരമാണ്. ഞാൻ നിങ്ങൾക്ക് മുഴുവൻ വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും സാരം കേൾപ്പിക്കുന്നു. മുഖ്യമായത് 4 ധർമ്മങ്ങളും അവയുടെ ധർമ്മശാസ്ത്രങ്ങളുമാണ്. ബ്രാഹ്മണ ധർമ്മത്തിന് എന്തെങ്കിലും പുസ്തകമുണ്ടോ? എത്ര മനസ്സിലാക്കേണ്ട കാര്യമാണ്. ഇതെല്ലാം ബാബയിരുന്ന് വിസ്തരിച്ച് മനസ്സിലാക്കിത്തരികയാണ്. മനുഷ്യരെല്ലാവരും കല്ലുബുദ്ധികളാണ് അതിനാലാണ് ഇത്രയും ദരിദ്രരായി മാറിയത്. ദേവതകൾ ഗോൾഡൻ ഏജിലായിരുന്നു, അവിടെ സ്വർണ്ണക്കൊട്ടാരങ്ങൾ ഉണ്ടായിരുന്നു, സ്വർണ്ണഖനികൾ ഉണ്ടായിരുന്നു. ഇപ്പോൾ സത്യമായ സ്വർണ്ണം തന്നെയില്ല. മുഴുവൻ കഥകളും ഭാരതത്തെക്കുറിച്ചാണ്. നിങ്ങൾ ദേവീദേവതകൾ പവിഴബുദ്ധികളായിരുന്നു, വിശ്വത്തിൽ രാജ്യം ഭരിച്ചിരുന്നു. ഇപ്പോൾ ഓർമ്മവന്നു, നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു പിന്നീട് നരകത്തിന്റെ അധികാരികളായി മാറി. ഇപ്പോൾ വീണ്ടും പവിഴബുദ്ധിയായി മാറുകയാണ്. ഈ ജ്ഞാനം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്, ഇത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ഡ്രാമയനുസരിച്ച് പാർട്ട് നടന്നുകൊണ്ടിരിക്കും, ഏതെല്ലാം സമയം കടന്നുപോയോ അത് കൃത്യമായി വീണ്ടും ആവർത്തിക്കും എങ്കിലും പുരുഷാർത്ഥം ചെയ്യണമല്ലോ. സ്വയം ഭഗവാൻ നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കാൻ പുരുഷാർത്ഥം ചെയ്യിക്കുകയാണ് എന്ന ലഹരി ഏത് കുട്ടികൾക്കാണോ ഉള്ളത് അവരുടെ മുഖം സദാ സന്തോഷം കൊണ്ട് ഒന്നാന്തരമായിരിക്കും. ബാബ വരുന്നതുതന്നെ കുട്ടികളെ പുരുഷാർത്ഥം ചെയ്യിക്കാനാണ്, പ്രാലബ്ധത്തിനായി. ഇതും ലോകത്തിന് അറിയില്ല എന്നും നിങ്ങൾക്കറിയാം. സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാൻ ഭഗവാൻ പുരുഷാർത്ഥം ചെയ്യിക്കുന്നുവെങ്കിൽ സന്തോഷം ഉണ്ടാകണം. മുഖം ഒന്നാന്തരവും, സന്തോഷമുള്ളതുമായിരിക്കണം. ബാബയുടെ ഓർമ്മയിൽ നിങ്ങൾ സദാ ഹർഷിതരായിരിക്കും. ബാബയെ മറക്കുന്നതുകൊണ്ടാണ് ക്ഷീണം തോന്നുന്നത്. ബാബയേയും, സമ്പത്തിനേയും ഓർമ്മിക്കുന്നതിലൂടെ സന്തോഷവാനായി മാറും. ഓരോരുത്തരുടേയും സേവനം കണ്ടാൽ അറിയാം. ബാബക്ക് കുട്ടികളുടെ സുഗന്ധം ലഭിക്കുമല്ലോ. തെളിവ് നൽകുന്ന കുട്ടികളുടെ സുഗന്ധം വരും, കുപുത്രരാണെങ്കിൽ ദുർഗന്ധമായിരിക്കും വരിക. പൂന്തോട്ടത്തിൽ നിന്നും സുഗന്ധമുള്ള പുഷ്പങ്ങൾ പറിക്കാനല്ലേ ആഗ്രഹമുണ്ടാവുക. എരിക്കിനെ ആര് പറിക്കും! ബാബയെ യഥാർത്ഥരീതിയിൽ ഓർമ്മിച്ചാലേ വികർമ്മം വിനാശമാകൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും, സുപ്രഭാതും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) മായയുടെ ബോക്സിംങ്ങിൽ തോറ്റുപോകരുത്. വായിലൂടെ മോശമായ വാക്കുകൾ വരരുത്, മോശമായ ദൃഷ്ടിയുണ്ടാകരുത്, മോശമായ പെരുമാറ്റമോ മോശമായ കർമ്മമോ ഉണ്ടാകരുത് ഇതിൽ ശ്രദ്ധിക്കണം.

2) സുഗന്ധമുള്ള ഒന്നാന്തരം പുഷ്പമായി മാറണം. സ്വയം ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ് എന്ന ലഹരിയുണ്ടാകണം. ബാബയുടെ ഓർമ്മയിൽ സദാ ഹർഷിതമായിരിക്കണം, ഒരിയ്ക്കലും വാടരുത്.

## വരദാനം- വെല്ലുവിളികളേയും ,യാഥാർത്ഥ്യങ്ങളെയും ഒരുപോലെ കണ്ട് സ്വയത്തെ പാപങ്ങളിൽനിന്നും സുരക്ഷിതമാക്കി വെക്കുന്ന വിശ്വസേവാധാരിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ ഏത് വെല്ലുവിളികളെയാണോ (ചലഞ്ച് ) സ്വീകരിക്കുന്നത് അവ താങ്കളുടെ യതാർത്ഥ ജീവിതവുമായി പൊരുത്തമുള്ളവയായിരിക്കണം.അല്ലെങ്കിൽ പുണ്യാത്മാവിനു പകരം പാപാത്മാവായി മാറും.ഈ പുണ്യത്തിന്റെയും, പാപത്തിന്റെയും ഗതിയെ മനസ്സിലാക്കി സ്വയത്തെ സുരക്ഷിതമാക്കി വെക്കൂ. എന്തെന്നാൽ സങ്കൽപത്തിൽപ്പോലും ആരുടെയെങ്കിലും ദുർബലത,വ്യർത്ഥമായ സംസാരം,വ്യർത്ഥഭാവന,വെറുപ്പ്,ഈർഷ്യ എന്നിവയുടെ ഭാവനയുണ്ടെങ്കിൽ അവ പാപത്തിന്റെ ശേഖരത്തെ വർദ്ധിപ്പിക്കും.അതിനാൽ പുണ്യാത്മാഭവഃ എന്ന വരദാനത്തിലൂടെ സ്വയത്തെ സുരക്ഷിതമാക്കി വെച്ചുകൊണ്ട് വിശ്വസേവാധാരിയായി മാറൂ..കൂട്ടായ്മയിൽ ഏകാഭിപ്രായം,ഏകരസസ്ഥിതി എന്നിവയുടെ അനുഭവം ചെയ്യൂ.

## സ്ലോഗൻ - പവിത്രതയാകുന്ന ദീപത്തെ നാനാഭാഗത്തും തെളിയിക്കൂ...അപ്പോൾ ബാബയെ സഹജമായി കാണുവാൻ സാധിക്കും.

**അവ്യക്തസൂചന-ഏകാന്തപ്രിയരായിമാറു...ഏകതയും,ഏകാഗ്രതയും സ്വന്തമാക്കൂ...**
പ്രത്യക്ഷതയുടെ പതാക വീശുന്നതിനുമുൻപായി,രണ്ടുവാക്കുകൾ കർമ്മത്തിലേക്ക് കൊണ്ടുവരൂ,സർവ്വ സംബന്ധത്തിലും,സമ്പർക്കങ്ങളിലും പരസ്പരം ഐക്യം കൊണ്ടുവരുക.അനേകസംസ്ക്കാരങ്ങളിലും, അനേകതയിൽ ഏകതയും, ദൃഢതയും കൊണ്ടുവരുന്നതുതന്നെയാണ് സഫലതക്കുള്ള മാർഗ്ഗങ്ങൾ.ചിലപ്പോഴൊക്കെ ഐക്യത്തിന് ഇളക്കം സംഭവിക്കാറുണ്ട്.അവർ ചെയ്യുന്നതുപോലെ എനിക്കും ചെയ്യണം.... ഇങ്ങിനെ ചിന്തിക്കരുത്.താങ്കളുടെ സ്ളോഗൻ സ്വപരിവർത്തനത്തിലൂടെ വിശ്വപരിവർത്തനം എന്നതാണ്, അല്ലാതെ വിശ്വപരിവർത്തനത്തിലൂടെ സ്വപരിവർത്തനം എന്നല്ല.